LIBRARY ARCHIVES Kerala Legislative Assembly

മങ്കടയിൽ അഗ്നിശമന യൂണിറ്റ്

266 (2095) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ഒരു അഗ്നിശമന യൂണിറ്റ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവിടെ അഗ്നിശമന യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ബി) ഉണ്ട്. എന്നാൽ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ മാത്രമാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകിവരുന്നുള്ളൂ. ഇപ്രകാരം സ്ഥലവും കെട്ടിടവും ലഭ്യമാകുന്നമുറയ്ക്ക് മങ്കടയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

ഫയർഫോഴ്സ് വിഭാഗത്തിന്റെ ആധുനികവൽക്കരണം

267 (2096) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയ്ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്രകോടി രൂപയുടെ എന്തെല്ലാം ഉപകരണങ്ങൾ വാങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ദ്രുതഗതിയിൽ തീപിടിത്തം തടയുന്നതിനുള്ള പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ശുപാർശകൾ സമർപ്പിച്ചത് എന്നാണ് ; പ്രസ്തുത ശുപാർശകളിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ;

(സി) ഫയർഫോഴ്സ് വിഭാഗത്തെ ആധുനികവൽക്കരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും 27,28,00,000 രൂപ വിനിയോഗിച്ച് ചുവടെ പറയുന്ന അഗ്നിശമന/ജീവൻ രക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ക്രമ നമ്പർ	വാഹനം	എണ്ണം
1	മിനി വാട്ടർ ടെണ്ടറുകൾ	24
2	എമർജൻസി ടെണ്ടറുകൾ	5
3	സ്കൂബാ സെറ്റുകൾ	18
4	ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്	20
5	ബ്രീത്തിംഗ് അപ്പാരൽസ്	138
6	ഹെൽമറ്റ് വിത്ത് വൈസർ	1994
7	വാക്കിടോക്കി	100
8	ഡെലിവറി ഹോസ് 15 മീറ്റർ നീളമുള്ളത്	1800
9	കമ്പ്യൂട്ടർ	10

കൂടാതെ ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായ പദ്ധതി പ്രകാരം 2010-11-ൽ അനുവദിച്ച തുകയിൽ നീക്കിയിരിപ്പുള്ള 924 ലക്ഷം രൂപ വിനിയോഗിച്ച് ഒരു ഏരിയൽ ലാഡർ പ്ലാറ്റ്ഫോം/ടേൺ ടെമ്പിൾ ലാഡർ വാങ്ങുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതി അനുസരിച്ച് അനുവദിച്ചിരിക്കുന്ന തുകയിൽ നീക്കിയിരിപ്പുള്ള 2,63,67,000 രൂപ വിനിയോഗിച്ച് 14 കൃക്ക് റെസ്പോൺസ് വെഹിക്കിൾസ് ഫാബ്രിക്കേറ്റ് ചെയ്യുന്നതിനും 28 കോമ്പി ടൂൾസ് വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അഗ്നിശമന രക്ഷാസേവന വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 2015-16, 2016-17 വർഷങ്ങളിലായി 175.63 കോടി രൂപയുടെ വിവിധങ്ങളായ അൻപതിൽപരം അഗ്നിശമന/രക്ഷാ സേവന ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലുണ്ട്.

പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ

268 (2097) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് മാടായിക്കാവിലെ ദേവസ്വം ഭൂമിയിൽ നിന്ന് 50 സെന്റ് സ്ഥലം അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കി ഫയർസ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

GPM. 2/240/2020-43

LIBRARY ARCHIVES Kerala Legislative Assembly